*Circular No.5/2015*

ദൈവകൃപയാൽ

***നിരണം ഭദ്രാസന ഇടവകയുടെ***

## ***യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായിൽ നിന്നും***

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ആത്മീയ സംഘടനാ പ്രവർത്തകരും ശേഷം ജനങ്ങളും കൂടിക്കണ്ടൊൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസും മെത്രാസന അസംബ്ലിയും 2015 മേയ് മാസം 3-ാം തീയതി ഞായറാഴ്ച്ച രാവിലെ 7.30 മുതൽ മുത്തൂർ സെന്റ് ജോർജ് പളളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത യൂണിറ്റിലെ തെരഞ്ഞെടുത്ത ര് പ്രതിനിധികൾ മെത്രാസന അസംബ്ലിയിൽ അംഗങ്ങളാണ്. അവർ യോഗത്തിൽ പളളിചെലവിൽ വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

നമ്മുടെ വൈദീക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന അൽമായ വേദശാസ്ത്ര പഠന പദ്ധതിയായ ദിവ്യബോധനത്തിന്റെ **2015 – 2018** ബാച്ച് മേയ് മാസം ആരംഭിക്കുകയാണ്. നമ്മുടെ ഇടവകകളിൽ ദിവ്യബോധനം യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നതിൽ വികാരിമാരെയും, പ്രവർത്തകരെയും പ്രത്യേകം അനുമോദിക്കുന്നു. എല്ലാ ഇടവകകളിലും ഈ പഠന പദ്ധതി പ്രായോഗികമാക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ ഇത് സഹായിക്കുന്നു. പുതിയ ബാച്ചിലേക്ക് കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിനും, യൂണിറ്റുകൾ ആരംഭിക്കുന്നതിനും വികാരിമാരും, ദിവ്യബോധനം പഠനം പൂർത്തിയാക്കിവരും ഉത്സാഹിക്കേതാണെന്ന് നാം താൽപ്പര്യപ്പെടുന്നു. 2015 മേയ് മാസം തന്നെ എല്ലാ ഇടവകകളിലും യൂണിറ്റ് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്കായി ദിവ്യബോധനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.വർഗീസ് ജോണുമായി (ഫോൺ.9947398661) ബന്ധപ്പെട്ടേതാണ്.

ഈ വർഷത്തെ കാതോലിക്കാ ദിന പിരിവ് പൂർത്തീകരിച്ചിട്ടില്ലയെങ്കിൽ, 2015 മെയ് 30-ാം തീയതിക്കു മുമ്പായി പൂർത്തീകരിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് 2015 ഏപ്രിൽ മാസം 24-ാം തീയതി
തിരുവല്ലാ ബഥനി അരമനയിൽ നിന്നും

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ.